കാലിക്കറ്റ് സർവ്വകലാശാല
ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

പത്രക്കുറിപ്പ്

2024-2025 അദ്ധ്യയന വർഷത്തെ പി.ജി. ഏകജാലക പ്രവേശനത്തോടനുബന്ധിച്ചുള്ള ട്രയൽ അലോട്ട്മെന്റ് https://admission.uoc.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. 2024 ജൂലൈ 18 ന് വൈകീട്ട് 4 മണിവരെ പി.ജി ക്യാപ്-2024 സ്റ്റുഡന്റ് ലോഗിൻ മുഖേന വിദ്യാർത്ഥികൾക്ക് അവരുടെ ട്രയൽ അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്.

2024 ജൂലൈ 18 ന് വൈകീട്ട് 4 മണിവരെ വിദ്യാർത്ഥികൾക്ക് ആവശ്യമെങ്കിൽ അവരുടെ അപേക്ഷയിൽ എല്ലാ വിധ തിരുത്തലുകൾ (*പേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, യു.ജി രജിസ്റ്റർ നമ്പർ എന്നിവ ഒഴികെ*) വരുത്താനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾ അപേക്ഷ **ഫൈനലൈസ് ചെയ്യു എന്ന് ഉറപ്പ് വരുത്തേണ്ടതും, പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും ഡൗൺലോഡ്** ചെയ്ത് സൂക്ഷിക്കേണ്ടതുമാണ്. നടത്തിയ തിരുത്തലുകൾ, പ്രസ്തുത **പ്രിന്റ് ഔട്ട് പരിശോധിച്ചു ഉറപ്പുവരുത്തേണ്ടതുമാണ്**

തിരുത്തൽ (എഡിറ്റ്) സൗകര്യം ഉപയോഗപ്പെടുത്തുന്ന വിദ്യാർത്ഥികൾ, അപേക്ഷ **ഫൈനലൈസ് ചെയ്ത് പൂർത്തീകരിക്കേണ്ടതാണ്**. അല്ലാത്തപക്ഷം തുടർന്ന് വരുന്ന അലോട്ട്മെന്റുകളിൽ നിന്നും **പുറത്താക്കപ്പെടുന്നതായിരിക്കും.**

കേരളത്തിന് പുറത്തുള്ള സർവകലാശാല / സ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയവർ അതാത് സർവ്വകലാശാലകളിൽ നിന്നും താഴെപറയുന്ന രേഖകൾ പ്രവേശന സമയത്തു ഹാജരാക്കേണ്ടതാണ്.

- ആ സർവകലാശാലയിലെ വിദ്യാർത്ഥിയായിരുന്നു എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം (Bonafide സർട്ടിഫിക്കറ്റ്)
- അവരുടെ മാർക്ക് / ഗ്രേഡ് കാർഡിൽ മാർക്ക് ശതമാന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എങ്കിൽ മാർക്ക് ശതമാന വിവരങ്ങൾ തെളിയിക്കുന്ന സാക്ഷ്യപത്രം

C.U. Campus
15.07.2024

(ഒപ്പ്)
ഡയറക്ടർ